# മധുരമായ കുട്ടികളേ - പരിധിയില്ലാത്ത സുഖത്തിനുവേണ്ടിയാണ് നിങ്ങൾക്ക് പരിധിയില്ലാത്ത ജ്ഞാനം ലഭിക്കുന്നത്, നിങ്ങൾ വീണ്ടും രാജയോഗത്തിന്റെ പഠിപ്പിലൂടെ രാജ്യപദവി നേടുന്നു.

**ചോദ്യം:-** നിങ്ങളുടെ ഈശ്വരീയ കുടുംബം ഏതൊരു കാര്യത്തിലാണ് തീർത്തും വിചിത്രമായുള്ളത്?
**ഉത്തരം:-** ഈ ഈശ്വരീയ കുടുംബത്തിൽ ചിലർ ഒരു ദിവസം പ്രായമുള്ള കുട്ടിയാണ്, ചിലർ 8 ദിവസം പ്രായമുള്ളവരായിരിക്കും എന്നിരുന്നാലും എല്ലാവരും പഠിച്ചുകൊണ്ടിരിക്കുകയാണ്. അച്ഛൻ തന്നെയാണ് ടീച്ചറായി തന്റെ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് വിചിത്രമായ കാര്യം. ആത്മാവാണ് പഠിക്കുന്നത്. ആത്മാവാണ് ബാബാ എന്ന് പറയുന്നത്, ബാബ പിന്നീട് കുട്ടികളെ 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കുന്നു.

**ഗീതം:-** ദൂരദേശത്തിൽ വസിക്കുന്നവനേ...

**ഓം ശാന്തി**. വൃക്ഷപതിയുടെ ദിവസം അതിന്റെ പേരാണ് ബൃഹസ്പതി. ഈ ഉത്സവങ്ങളെല്ലാം എല്ലാ വർഷവും ആഘോഷിക്കുന്നുണ്ട്. നിങ്ങൾ ബൃഹസ്പതി ദിവസം ഓരോ ആഴ്ചയിലും ആഘോഷിക്കുന്നു. വൃക്ഷപതി അർത്ഥം ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജരൂപം, ചൈതന്യമാണ്, ആ ബീജരൂപനു മാത്രമേ ഈ സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തെക്കുറിച്ച് അറിയൂ. ബാക്കി മറ്റെല്ലാ വൃക്ഷങ്ങളും ജഡമാണ്. ഇത് ചൈതന്യമായ കല്പവൃക്ഷമാണ്. ഇതിന്റെ ആയുസ്സ് 5000 വർഷമാണ്, ഈ വൃക്ഷത്തെ നാലു ഭാഗങ്ങളാക്കി ഭാഗിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അന്തിമമാണ്. ലോകം എത്ര വലുതാണ് എന്നാൽ ഈ ജ്ഞാനമൊന്നും ഒരു മനുഷ്യന്റെയും ബുദ്ധിയിലില്ല. ഇത് പുതിയ ലോകത്തേക്കു വേണ്ടിയുള്ള പുതിയ പഠിപ്പാണ്. പുതിയ ലോകത്തെ രാജാവായിത്തീരുന്നതിനു വേണ്ടി, ആദി സനാതനാ ദേവീദേവതയായിത്തീരുന്നതിനു വേണ്ടിയുള്ള പുതിയ പഠിപ്പ്. ഭാഷ ഹിന്ദി തന്നെയാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, മറ്റൊരു രാജധാനിയുടെ സ്ഥാപനയാണുണ്ടാകുന്നത് അപ്പോൾ തീർച്ചയായും ഭാഷ വേറെയായിരിക്കും. സത്യയുഗത്തിൽ ഏതു ഭാഷയായിരിക്കും? ഇതിനെക്കുറിച്ച് ചില കുട്ടികൾക്ക് അറിയാം. ആദ്യം കുട്ടികൾ സക്ഷാത്കാരത്തിലേക്ക് പോയി ഈ ഭാഷ സംസാരിക്കുമായിരുന്നു. അവിടെയുള്ള ഭാഷ സംസ്കൃതമല്ല. സംസ്കൃത ഭാഷ ഇവിടെയുള്ളതാണ്. ഇവിടെയുള്ളത് ഒരിക്കലും അവിടെയുണ്ടാവില്ല. കുട്ടികൾക്കറിയാം ഇതാണ് വൃക്ഷപതി. ബാബ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ രചയിതാവുമാണ്. ബാബ ചൈതന്യ ബീജരൂപമാണ്. മറ്റെല്ലാ വൃക്ഷങ്ങളും ജഡമാണ്. കുട്ടികൾക്ക് സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തെക്കുറിച്ച് അറിയണമല്ലോ. ഈ സമയം മനുഷ്യരിൽ ജ്ഞാനമില്ലാത്തതുകൊണ്ട് അവർ സുഖികളല്ല. ഇത് പരിധിയില്ലാത്ത ജ്ഞാനമാണ്, ഇതിലൂടെ പരിധിയില്ലാത്ത സുഖമാണ് ലഭിക്കുന്നത്. പരിധിയുള്ള ജ്ഞാനത്തിലൂടെ കാകവിഷ്ട സമാന സുഖമാണ് ലഭിക്കുന്നത്. നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ വീണ്ടും പരിധിയില്ലാത്ത സുഖത്തിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ഈ വീണ്ടും എന്ന അക്ഷരം കേവലം നിങ്ങളാണ് കേൾക്കുന്നത്. നിങ്ങൾ തന്നെയാണ് വീണ്ടും മനുഷ്യനിൽ നിന്നും ദേവതയായിത്തീരുന്നതിനു വേണ്ടി രാജയോഗത്തിന്റെ പഠിപ്പ് പ്രാപ്തമാക്കുന്നത്. ഇതും നിങ്ങൾക്കേ അറിയൂ ജ്ഞാനസാഗരനായ ബാബ നിരാകാരനാണ്. നിങ്ങൾ ആത്മാക്കളായ കുട്ടികളും നിരാകാരികളാണ്. എന്നാൽ എല്ലാവർക്കും അവരവരുടേതായ ശരീരമുണ്ട്. ഇത് നമ്മുടെ അലൗകിക ജന്മമാണ്. മറ്റൊരു മനുഷ്യനും ഇങ്ങനെയൊരു ജന്മം ലഭിക്കില്ല. ബ്രഹ്മാബാബയുടേയും വാനപ്രസ്ഥ അവസ്ഥയിലാണ് ശിവബാബ പ്രവേശിക്കുന്നത്. കുട്ടികളായ ആത്മാക്കൾക്ക് സന്മുഖത്തിരുന്ന് മനസ്സിലാക്കിത്തരുന്നു. മറ്റാർക്കും തന്നെ നിങ്ങളെ കുട്ടികളേ-കുട്ടികളേ എന്ന് വിളിക്കാൻ സാധിക്കില്ല. ഏതൊരു ധർമ്മത്തിലുള്ളവരാണെങ്കിലും അവർക്കറിയാം ശിവബാബ ഞങ്ങളുടെ പിതാവാണെന്നുള്ളത്, അപ്പോൾ തീർച്ചയായും അച്ഛൻ കുട്ടി-കുട്ടി എന്നല്ലേ വിളിക്കൂ. ബാക്കി എതൊരു മനുഷ്യാത്മാവിനേയും ഈശ്വരനെന്നോ, അച്ഛനെന്നോ വിളിക്കാൻ സാധിക്കില്ല. ഗാന്ധിജിയെ ബാപ്പു എന്ന് വിളിച്ചു, മുൻസിപ്പാലിറ്റിയിലെ മേയറെയും അച്ഛനെന്നു വിളിക്കുന്നു. എന്നാൽ ആ പിതാക്കൻമാരെല്ലാം ദേഹധാരികളാണ്. നിങ്ങൾക്കറിയാം ആത്മാക്കളുടെ അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. ബാബ ഇടയ്ക്കിടെ പറയുന്നു സ്വയം ആത്മാവെന്നു മനസ്സിലാക്കൂ. ഇത് ഈശ്വരീയ കുടുംബമാണ്. ബാബയ്ക്ക് ഇത്രയും മക്കളുണ്ട്. ബാബാ, ഞങ്ങൾ അങ്ങയുടേതാണെന്ന് നിങ്ങളും പറയുന്നു. നിങ്ങൾ ബാബയുടെ കുട്ടികളായി, ചിലർ പറയാറുണ്ട് ബാബാ, ഞങ്ങൾ ഒരു ദിവസത്തെ കുട്ടിയാണ്, 8 ദിവസത്തെ കുട്ടിയാണ്, ഒരു മാസത്തെയാണ്.... എന്നൊക്കെ. ആദ്യം തീർച്ചയായും ചെറുതായിരിക്കുമല്ലോ. ചിലപ്പോൾ

2-4 ദിവസത്തെ കുട്ടിയായിരിക്കും എന്നാൽ ശരീരം വലുതല്ലേ. അതുകൊണ്ട് എല്ലാ വലിയ കുട്ടികൾക്കും പഠിപ്പ് ആവശ്യമാണ്. ആരെല്ലാമാണോ വരുന്നത് അവരെയെല്ലാം ബാബ പഠിപ്പിക്കുന്നുണ്ട്. നിങ്ങളും പഠിക്കുന്നുണ്ട്. ബാബയുടെ കുട്ടിയായിമാറിയ ശേഷമാണ് ബാബ മനസ്സിലാക്കിത്തരുന്നത് നിങ്ങൾ എങ്ങനെ 84 ജന്മങ്ങളെടുത്തു? ബാബ പറയുന്നു ഞാനും ബ്രഹ്മാവിന്റെ 84 ജന്മങ്ങൾക്കു ശേഷമുള്ള അന്തിമ ജന്മത്തിൽ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. കുട്ടികൾക്കറിയാം നാം ഇവിടെ ഏറ്റവും വലുതിലും വലിയ ടീച്ചറുടെ അടുത്തേക്കാണ് വന്നിരിക്കുന്നത്. ബാബയിലൂടെയാണ് നിങ്ങളാകുന്ന ടീച്ചേഴ്സ് ഉണ്ടായത്. ഇവരെത്തന്നെയാണ് പണ്ഡാ(വഴികാട്ടികൾ) എന്നു പറയുന്നത്. എല്ലാവരെയും പഠിപ്പിക്കുന്നത് ബാബ തന്നെയാണ്. ബാക്കി ആർക്കെല്ലാമാണോ പഠിപ്പിക്കാനറിയുന്നത് അവർ പഠിപ്പിക്കുന്നു.

ആദ്യം തന്നെ നിങ്ങൾ രണ്ടച്ഛന്മാരെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ഒന്ന് ലൗകികം രണ്ട് പാരലൗകികം. ഏറ്റവും വലുത് തീർച്ചയായും പാരലൗകിക പിതാവു തന്നെയാണ്. ആ പിതാവിനെയാണ് ഭഗവാൻ എന്നും പറയുന്നത്. നിങ്ങൾക്കറിയാം നമുക്കിപ്പോൾ പാരലൗകിക പിതാവിനെയാണ് ലഭിച്ചിരിക്കുന്നത്. മറ്റാർക്കും തന്നെ ഇതറിയില്ല. പതുക്കെ-പതുക്കെ എല്ലാവരും അറിയും. നമ്മൾ ആത്മാക്കളെ ബാബയാണ് പഠിപ്പിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നമ്മൾ ആത്മാക്കൾ തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നത്. ഉയർന്നതിലും ഉയർന്ന ദേവതയായിത്തീരുന്നത്. നമ്മൾ ഇങ്ങോട്ട് വന്നിരിക്കുന്നതു തന്നെ ഉയർന്നതിലും ഉയർന്നതായി മാറുന്നതിനായാണ്. പല കുട്ടികളും മുന്നോട്ട് പോകവെ ഈ ഉയർന്നതിലും ഉയർന്ന പഠിപ്പിനെ ഉപേക്ഷിക്കുന്നു, ഏതെങ്കിലും കാര്യത്തിൽ സംശയം വരുന്നു അഥവാ മായയുടെ കൊടുങ്കാറ്റിനെ സഹിക്കാൻ സാധിക്കുന്നില്ല, കാമമാകുന്ന മഹാശത്രുവിനോട് തോൽക്കുന്നു, ഈ കാരണങ്ങളാൽ പഠിപ്പ് ഉപേക്ഷിക്കുന്നു. കാമമാകുന്ന മഹാശത്രു കാരണത്താൽ തന്നെയാണ് കുട്ടികൾക്ക് വളരെയധികം സഹിക്കേണ്ടതായി വരുന്നത്. ബാബ പറയുന്നു കൽപ്പകൽപ്പം നിങ്ങൾ അബലകളായ മാതാക്കൾ വിളിച്ചതും ഈ കാരണത്താലാണ്. പറയുന്നു ബാബാ ഞങ്ങളെ നഗ്നരാകുന്ന തിൽ നിന്നും രക്ഷിക്കൂ. ബാബ പറയുന്നു ഓർമ്മ കൂടാതെ ഇതിന് മറ്റൊരു ഉപായവുമില്ല. ഓർമ്മയിലൂടെത്തന്നെ ബലം വന്നുചേരും. ബലവാനായ മായയുടെ ശക്തി കുറഞ്ഞുകൊണ്ടിരിക്കും. പിന്നീട് നിങ്ങൾ മായയുടെ ബന്ധനത്തിൽ നിന്നും മുക്തമാകുന്നു. അങ്ങനെ ധാരാളം പേർ ബന്ധനത്തിൽ നിന്നും മുക്തമായി വരുന്നവരുണ്ട്. അത്യാചാരങ്ങൾ അവസാനിച്ചതിനു ശേഷം പിന്നീട് ഇവിടെ വന്ന് ബ്രഹ്മാവിലൂടെ ശിവബാബയോട് സംസാരിക്കുന്നു. ഇതിനുള്ള ശീലവും ഉണ്ടാക്കണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മൾ ശിവബാബയുടെ അടുത്തേക്കാണ് പോകുന്നത്. ബാബ ഈ ബ്രഹ്മാവിന്റെ ശരീരത്തിലേക്കാണ് വരുന്നത്. നമ്മൾ ശിവബാബയുടെ മുന്നിലാണ് ഇരിക്കുന്നത്. ഓർമ്മയിലൂടെ തന്നെയാണ് വികർമ്മം നശിക്കുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഈ പഠിപ്പാണ് ബാബ നൽകുന്നത്. ബാബയുമായി മിലനം ചെയ്യാൻ വരുമ്പോഴും സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ, ആത്മാഭിമാനീ ഭവ. ഈ ജ്ഞാനം നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. ഇതിനു തന്നെയാണ് പ്രയത്നവും. ഭക്തിമാർഗ്ഗത്തിൽ എത്ര വേദശാസ്ത്രങ്ങളാണ് നിങ്ങൾ പഠിച്ചത്. ഇവിടെ ഓർമ്മിക്കാനുള്ള ഒരു പ്രയത്നം മാത്രമേ ഉള്ളൂ. ഇത് വളരെ സഹജവുമാണ്, അതുപോലെ വളരെ ബുദ്ധിമുട്ടും ആണ്. അച്ഛനെ ഓർമ്മിക്കുക - ഇതിലും സഹജമായി മറ്റൊന്നും തന്നെയില്ല. കുട്ടികൾ ജനിച്ചു, വായിലൂടെ അച്ഛാ-അച്ഛാ എന്നു പറയുന്നു. പെൺകുട്ടിയുടെ വായിലൂടെ അമ്മ എന്നു പറയുന്നു. ആത്മാവ് സ്ത്രീയുടെ ശരീരം ധാരണ ചെയ്ത് അമ്മയുടെ അടുത്തേക്കേ പോകൂ. ആൺകുട്ടി പ്രത്യേകിച്ചും അച്ഛനെയാണ് ഓർമ്മിക്കുക. കാരണം സമ്പത്ത് ലഭിക്കുന്നത് അച്ഛനിൽ നിന്നാണ്. ഇപ്പോൾ നിങ്ങൾ ആത്മാക്കൾ എല്ലാവരും കുട്ടികളാണ്. നിങ്ങൾക്കാണ് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നത്. ഓർമ്മിക്കുന്നതിലൂടെ ആത്മാവിന് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കും. ദേഹാഭിമാനികൾ ആണെങ്കിൽ സമ്പത്ത് നേടാൻ ബുദ്ധിമുട്ടുണ്ടാകും. ബാബ പറയുന്നു ഞാൻ എന്റെ കുട്ടികളെയാണ് പഠിപ്പിക്കുന്നത്. കുട്ടികൾക്കും അറിയാം നമ്മെ പഠിപ്പിക്കുന്നത് ബാബയാണ്. ഈ കാര്യങ്ങളൊന്നും ബാബയ്ക്കല്ലാതെ മറ്റാർക്കും പറഞ്ഞു തരാൻ സാധിക്കില്ല. ബാബയോട് തന്നെയായിരുന്നു ഭക്തിമാർഗ്ഗത്തിലും നിങ്ങൾക്ക് സ്നേഹമുണ്ടായിരുന്നത്. നിങ്ങൾ എല്ലാവരും ഒരേയൊരു പ്രിയതമന്റെ പ്രിയതമകളാണ്. മുഴുവൻ ലോകത്തിലുള്ളവരും പരമാത്മാവാകുന്ന പ്രിയതമന്റെ പ്രിയതമകളാണ്. പരമാത്മാവിനെ എല്ലാവരും പരമപിതാവെന്നും വിളിക്കുന്നു. ബാബയെ ഒരിക്കലും പ്രിയതമയെന്നു വിളക്കില്ല. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ഭക്തിമാർഗ്ഗത്തിലെ പ്രിയതമകളായിരുന്നു. ഇപ്പോഴും ധാരാളം പ്രിയതമകളുണ്ട് എന്നാൽ പരമാത്മാവ് എന്ന് ആരെ വിളിക്കും, ഈ കാര്യത്തിൽ സംശയിക്കുന്നു. ഗണേശൻ, ഹനുമാൻ ഇവരെയെല്ലാം പരമാത്മാവ് എന്ന് പറഞ്ഞ് തീർത്തും ആശയക്കുഴപ്പത്തിലാക്കി യിരിക്കുന്നു. കേവലം ഒരാൾക്കല്ലാതെ മറ്റാർക്കും ഇത് ശരിയാക്കാൻ സാധിക്കില്ല. ആരിലും ഇതിനുള്ള ശക്തിയില്ല. ബാബ തന്നെയാണ് വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. കുട്ടികൾ പിന്നീട്

നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കുന്നു, മനസ്സിലാക്കിക്കൊടുക്കാൻ യോഗ്യരായി മാറുന്നു. രാജധാനിയുടെ സ്ഥാപനയാണ് നടന്നു കൊണ്ടിരിക്കുന്നത്. കൽപ്പം മുൻപത്തേതുപോലെ നിങ്ങൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് ഇതിന്റെ പ്രാപ്തി പുതിയ ലോകത്തിൽ നേടുന്നു. അതിനെയാണ് അമരലോകം എന്നു പറയുന്നത്. നിങ്ങൾ കാലനുമേൽ വിജയം പ്രാപിക്കുന്നു. അവിടെ ഒരിക്കലും അകാലമൃത്യു സംഭവിക്കുന്നില്ല, പേര് തന്നെ സ്വർഗ്ഗം എന്നാണ്. നിങ്ങൾ കുട്ടികൾക്ക് ഈ പഠിപ്പിലൂടെ വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. ബാബയുടെ ഓർമ്മയിലൂടെ സമ്പത്തും ഓർമ്മ വരുന്നു. സെക്കന്റിൽ മുഴുവൻ ഡ്രാമയുടെ ജ്ഞാനവും ബുദ്ധിയിലേക്ക് വരുന്നു. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂല വതനം, 84 ജന്മത്തിന്റെ ചക്രം, ഈ നാടകം മുഴുവനും ഭാരതത്തിലാണ് ഉണ്ടാക്കപ്പെട്ടത്. ബാക്കി എല്ലാം ഇതിന്റെ ശാഖോപശാഖകളാണ്. ബാബ നിങ്ങൾക്കാണ് ജ്ഞാനം കേൾപ്പിക്കുന്നത്. നിങ്ങൾ തന്നെയാണ് ഉയർന്നതിലും ഉയർന്നതായി മാറുന്നത് പിന്നീട് നീചരാകുന്നതും. ഡബിൾ കിരീടധാരി രാജാവും നിങ്ങൾ തന്നെയാണ്. പിന്നീട് തീർത്തും യാചകരാകുന്നതും നിങ്ങൾ തന്നെയാണ്. ഇപ്പോൾ ഭാരതം തീർത്തും ദരിദ്രമാണ്. പ്രജകൾ പ്രജകളുടെ മേൽ രാജ്യം ഭരിക്കുന്നു. സത്യയുഗത്തിൽ ഡബിൾ കിരീടധാരി മഹാരാജാ മഹാറാണിയുടെ രാജ്യമായിരുന്നു. എല്ലാവരും ഇത് അംഗീകരിക്കുന്നുണ്ട്. ആദിദേവനായ ബ്രഹ്മാവിന് ധാരാളം പേര് നൽകിയിട്ടുണ്ട്. മഹാവീരനെന്നും ബ്രഹ്മാവിനെത്തന്നെയാണ് പറയുന്നത്, ഹനുമാനെയും മഹാവീരനെന്ന് പറയുന്നു. വാസ്തവത്തിൽ നിങ്ങൾ കുട്ടികൾ തന്നെയാണ് സത്യം സത്യമായ മഹാവീരനായ ഹനുമാൻ. കാരണം നിങ്ങൾ നല്ല രീതിയിൽ യോഗത്തിൽ ഇരിക്കുന്നുണ്ട്, മായയുടെ എത്ര വലിയ കൊടുങ്കാറ്റുകൾ വന്നാലും നിങ്ങളെ ഇളക്കാൻ സാധിക്കില്ല. നിങ്ങൾ മഹാവീരന്റെ കുട്ടികൾ മാസ്റ്റർ മഹാവീരനാണ്. കാരണം നിങ്ങൾ മായയുടെ മേൽ വിജയം പ്രാപിക്കുന്നു. അഞ്ചു വികാരങ്ങളാകുന്ന രാവണനു മേൽ ഓരോരുത്തരും വിജയം പ്രാപിക്കുന്നു അല്ലാതെ ഇത് ഒരു മനുഷ്യന്റെ കാര്യമല്ല. ഓരോരുത്തർക്കും അമ്പ് തൊടുക്കണം. അതായത് മായയുടെ മേൽ വിജയം പ്രാപിക്കണം. ഇതിൽ യുദ്ധത്തിന്റെ കാര്യമൊന്നുമില്ല. യൂറോപ്പ്വാസികൾ എങ്ങനെയാണ് യുദ്ധം ചെയ്യുന്നത്, ഭാരതത്തിൽ പാണ്ഢവരുടെയും കൗരവരുടേയും യുദ്ധം എങ്ങനെ സംഭവിക്കുന്നു, ഇതിനെക്കുറിച്ചെല്ലാം നിങ്ങൾക്കറിയാം. രക്തനദി ഒഴുകും എന്നു കേട്ടിട്ടുണ്ട്. പിന്നീട് ഇവിടെത്തന്നെ പാൽ നദിയും ഒഴുകുന്നു. വിഷ്ണുവിനെ ക്ഷീരസാഗരത്തിൽ കാണിച്ചിട്ടുണ്ട്, ലക്ഷ്മീ നാരായണനാണ് പവിഴപുരിയുടെ(സ്വർഗ്ഗം) നാഥൻ. ഇവരെ പിന്നീട് നേപ്പാളിൽ പശുപതി എന്ന പേരിലും കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വിഷ്ണുവിന്റെ തന്നെ രണ്ടു രൂപമാണ്. പവിഴനാഥനും പവിഴനാഥിനിയും. അതായത് പശുപതിനാഥ പതിയും, പത്നിയും. വിഷ്ണുവിന്റെ ചിത്രം ഉണ്ടാക്കിയിട്ടുണ്ട്, തടാകവും ഉണ്ടാക്കിയിട്ടുണ്ട്. വിശേഷ ദിവസങ്ങളിൽ മനുഷ്യർ ഈ തടാകത്തിൽ പാൽ ഒഴിക്കാറുണ്ട്. എന്നിട്ട് ക്ഷീര സാഗരത്തിൽ വിഷ്ണു ഉറങ്ങിക്കിടക്കുന്നു എന്ന് പറയുന്നു. അർത്ഥം ഒന്നും തന്നെ മനസിലാക്കുന്നില്ല. നാലു കൈയുള്ള മനുഷ്യർ ഒരിക്കലും ഉണ്ടാകില്ലല്ലോ.

നിങ്ങൾ ഇപ്പോൾ സാമൂഹിക സേവകരാണ്, ആത്മീയ അച്ഛന്റെ കുട്ടികളാണ്. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു, ഇതിൽ ഒരിക്കലും സംശയം വരരുത്. സംശയം വന്നു അർത്ഥം മായയുടെ കൊടുങ്കാറ്റാണ്. നിങ്ങൾ എന്നെ വിളിച്ചതു തന്നെ, അല്ലയോ പതിതപാവനാ വരൂ വന്ന് പാവനമാക്കൂ എന്നു പറഞ്ഞാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പാവനമായി മാറും. 84 ജന്മത്തിന്റെ ചക്രത്തെയും ഓർമ്മിക്കണം. ബാബയെത്തന്നെയാണ് പറയുന്നത് പതിതപാവനൻ, ജ്ഞാനസാഗരൻ. അതായത് പതിതരെ പാവനമാക്കി മാറ്റുന്നു 84 ജന്മത്തിന്റെ ജ്ഞാനവും കേൾപ്പിക്കുന്നു. ഇതും നിങ്ങൾ കുട്ടികൾക്ക് അറിയാം 84 ജന്മത്തിന്റെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും, ഇതിനൊരു അവസാനവുമില്ല. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് അറിയുന്നത്. ബാബ എത്ര മധുരമാണ്, ബാബയെ തന്നെയാണ് പതിമാരുടെയും പതി എന്നു പറയുന്നത്. സർവ്വരുടെയും പിതാവുമാണ്. ഇപ്പോൾ ബാബ പറയുന്നു എന്നിലൂടെ നിങ്ങൾക്ക് വളരെ ഉയർന്ന സമ്പത്താണ് ലഭിക്കുന്നത്. എന്നാൽ ഇങ്ങനെയൊരു അച്ഛനും നിങ്ങൾ ഡൈവോഴ്സ് ചെയ്യുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്, പിന്നീട് പഠിപ്പ് തന്നെ ഉപേക്ഷിക്കുന്നു. ബാബയോട് വിടപറയുന്നു അർത്ഥം എത്ര വിവേകഹീനരാണ്. ആരാണോ വിവേകശാലികളായ കുട്ടികൾ അവർ സഹജമായും എല്ലാ കാര്യങ്ങളും മനസ്സിലാക്കി മറ്റുള്ളവരെ പഠിപ്പിക്കുന്നതിൽ മുഴുകുന്നു. അവർക്ക് പെട്ടെന്ന് നിർണ്ണയം എടുക്കാൻ സാധിക്കും, മറ്റ് പഠിപ്പിലൂടെ എന്താണ് ലഭിക്കുന്നത് ഈ പഠിപ്പിലൂടെ എന്ത് ലഭിക്കും. ഏത് പഠിപ്പ് പഠിക്കണം എന്ന് തീരുമാനമെടുക്കുന്നു. ബാബ കുട്ടികളോട് ചോദിക്കുന്നു, കുട്ടികൾ മനസ്സിലാക്കുന്നുമുണ്ട് ഈ പഠിപ്പാണ് വളരെ നല്ലതെന്ന്. എന്നിട്ടും പറയുന്നു എന്ത് ചെയ്യാനാണ്, ഭൗതീക പഠിപ്പ് പഠിച്ചില്ലെങ്കിൽ മിത്രസംബന്ധികൾ ദേഷ്യപ്പെടും. ബാബ പറയുന്നു– ഓരോ ദിവസം കൂടുന്തോറും സമയം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇത്രയും പഠിപ്പ് പഠിക്കാനും സാധിക്കില്ല. അതിശക്തമായ തയ്യാറെടുപ്പുകളാണ് നടന്നു കൊണ്ടിരിക്കുന്നത്. ഓരോ പ്രകാരത്തിലുമുള്ള തയ്യാറെടുപ്പുകൾ

നടക്കുന്നുണ്ട്. ഓരോ ദിവസം കൂടുന്തോറും പരസ്പരം ശത്രുതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്നു തന്നെ നാശമുണ്ടാകുന്ന തരത്തിൽ ഓരോ വസ്തുക്കളും ഉണ്ടാക്കുന്നുണ്ട്. നിങ്ങൾ കുട്ടികൾക്ക് അറിയാം ഡ്രാമയനുസരിച്ച് ഇപ്പോൾ തന്നെ യുദ്ധം സംഭവിക്കില്ല, രാജധാനിയുടെ സ്ഥാപനയും ഉണ്ടാകണം. അതു വരെയ്ക്കും നമ്മളും തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കും. ബ്രഹ്മാബാബയും തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അവസാന സമയത്ത് നിങ്ങളുടെ പ്രഭാവം ധാരാളം ഉണ്ടാകും. ഇങ്ങനെ പറയാറുണ്ട് അല്ലയോ പ്രഭോ അങ്ങയുടെ ലീല അപരം അപാരമാണ്. ഇത് ഈ സമയത്തുള്ള മഹിമയാണ്. അങ്ങയുടെ ഗതിയും മതവും വ്യത്യസ്തമാണ് എന്ന മഹിമയുമുണ്ട്. എല്ലാ ആത്മാക്കളുടെയും പാർട്ട് വ്യത്യസ്തമാണ്. ഇപ്പോൾ ബാബ നിങ്ങൾക്ക് ശ്രീമത്ത് നൽകുന്നു എന്നെ മാത്രം ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കും. ശ്രീമതവും മനുഷ്യ മതവും തമ്മിൽ എത്ര വ്യത്യാസമുണ്ട്. നിങ്ങൾക്കറിയാം പരംപിതാ പരമാത്മാവിനല്ലാതെ വിശ്വത്തിൽ മറ്റാർക്കും ശാന്തി സ്ഥാപിക്കാൻ സാധിക്കില്ല. നൂറു ശതമാനം പവിത്രത-സുഖം-ശാന്തി 5000 വർഷങ്ങൾക്കു മുമ്പത്തേതു പോലെ ഡ്രാമയനുസരിച്ച് സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. അത് എങ്ങനെയാണെന്ന് വന്നു മനസ്സിലാക്കൂ. നിങ്ങൾ കുട്ടികളും ബാബയുടെ സഹയോഗികൾ ആയി മാറുന്നു. ആരാണോ വളരെയധികം സഹയോഗം ചെയ്യുന്നത് അവരാണ് വിജയമാലയിലെ മുത്തായിത്തീരുന്നത്. നിങ്ങൾ കുട്ടികൾക്കും എത്ര മനോഹരമായ പേരാണ് വെച്ചിരുന്നത്. ആ പേരുകളുടെ ലിസ്റ്റും ഒരു ആൽബത്തിൽ വെക്കണം. നിങ്ങളും ഭട്ഠിയിലായിരുന്നു, നിങ്ങൾ വീട് ഉപേക്ഷിച്ച് ബാബയുടേതായി മാറി. ഭട്ഠിയിൽ തന്നെയായിരുന്നു. ഇത്രയ്ക്കും പാകപ്പെട്ട ചൂളയായിരുന്നു ഇതിനകത്തേക്ക് ആർക്കും വരാൻ സാധിച്ചിരുന്നില്ല. ബാബയുടേതായി മാറിയതിനുശേഷം പേരും മാറണമല്ലോ. സർവ്വതും സമർപ്പണം ചെയ്തു, അതുകൊണ്ടാണ് ലൗകിക പേരും മാറ്റിയത്. അത്ഭുതമല്ലേ-ബാബ അന്ന് എല്ലാവർക്കും പേര് വെച്ചിരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുളള മുഖ്യ സാരം:-

1) ഏതൊരു കാര്യത്തിലും സംശയബുദ്ധിയുളളവരായി മാറരുത്, മായയുടെ കൊടുങ്കാറ്റുകളെ മഹാവീരനായി മറികടക്കണം. മായയുടെ കൊടുങ്കാറ്റിന് ഇളക്കാൻ പറ്റാത്ത വിധത്തിൽ യോഗത്തിൽ ഇരിക്കണം.

2) വിവേകശാലികളായി മാറി തന്റെ ജീവിതത്തെ ഈശ്വരീയ സേവനത്തിൽ ഉപയോഗിക്കണം. സത്യം-സത്യമായ ആത്മീയ സാമൂഹിക സേവകരായി മാറണം. ആത്മീയ പഠിപ്പ് പഠിക്കുകയും പഠിപ്പിക്കുകയും വേണം.

### വരദാനം:- അഹങ്കാരവും മിഥ്യയും സമാപ്തമാക്കി ദയാമനസ്കരായി മാറുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

എങ്ങനെയുള്ള അവഗുണമുള്ളവരാകട്ടെ, കടുത്ത സംസ്കാരമുള്ളവരാകട്ടെ, ബുദ്ധി കുറഞ്ഞവരാകട്ടെ, സദാ നിന്ദ ചെയ്യുന്ന ആത്മാക്കളാകട്ടെ, എന്നാൽ ആരാണോ വിശ്വമംഗളകാരികളായിട്ടുള്ള ആത്മാക്കൾ, അവർ സർവ്വാത്മാക്കളെയും പ്രതി ലോ-ഫുള്ളും(നിയമം) ലൗ-ഫുള്ളു(സ്നേഹം) മായിരിക്കും. ഒരിക്കലും ഈ മിഥ്യാബോധത്തിൽ വരില്ല അതായത് ഇവർ ഒരിക്കലും നന്നാകില്ല, ഇവർ അങ്ങിനെത്തന്നെയാണ്...അതല്ലെങ്കിൽ ഇവർക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല, ഞാൻ തന്നെയാണ് എല്ലാം..ഇവർ ഒന്നുമേയല്ല. ഇപ്രകാരമുള്ള അഹങ്കാരവും മിഥ്യാബോധവും ഉപേക്ഷിച്ച് കുറവുകളെയും അവഗുണങ്ങളെയും അറിഞ്ഞുകൊണ്ടും ക്ഷമിക്കുന്നവരായ ദയാമനസ്കരായ കുട്ടികൾ തന്നെയാണ് വിശ്വമംഗളത്തിന്റെ സേവനത്തിൽ സഫലത നേടുന്നത്.

### സ്ലോഗൻ:- എവിടെ ബ്രാഹ്മണരുടെ ശരീരം-മനസ്സ്-ധനത്തിന്റെ സഹയോഗമുണ്ടോ അവിടെ സഫലത കൂടെയുണ്ടാകും.

**അവ്യക്ത സൂചനകൾ:- ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
ആത്മാക്കൾ എപ്പോൾ താങ്കളുടെ ആത്മീയ സ്വരൂപത്തിന്റെ അനുഭവം ചെയ്യുന്നുവോ അപ്പോൾ അവർ ബാബക്ക് നേരെ ആകർഷിതരായി, അഹോ പ്രഭൂ എന്ന ഗീതം പാടും മാത്രമല്ല ദേഹബോധത്തിൽ നിന്ന് സഹജമായി അർപ്പണവുമാകും. അഹോ താങ്കളുടെ ഭാഗ്യം! ഓഹോ! എന്റെ ഭാഗ്യം! ഈ ഭാഗ്യത്തിന്റെ അനുഭൂതി കാരണം ദേഹത്തിന്റെയും ദേഹത്തിന്റെ സംബന്ധത്തിന്റെയും സ്മൃതിയുടെ ത്യാഗം ചെയ്യിപ്പിക്കും.